# കേരള ഫീഡ്സ് - ചരിത്രം തിരുത്തിക്കുറിച്ച് മുന്നേറുന്ന

കേരള സംസ്ഥാനത്തെ മുഴുവൻ ക്ഷീരകർഷകരുടെയും പാൽ ഉല്പാദകരുടെയും താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനും പാൽ ഉല്പാദന രംഗം സജീവമാക്കുന്നതിനും കേരള സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പാൽ ഉല്പാദന രംഗത്ത് സ്ഥിരമായി അനുഭവപ്പെടുന്ന പ്രതിസന്ധി കന്നുകാലികൾക്ക് ആവശ്യമായ ഗുണനിലവാരമുള്ള സമീകൃത കാലിത്തീറ്റയും, ധാതുലവണ മിശ്രിതവും, ശുദ്ധമായ വൈക്കോലും യഥേഷ്ടം ലഭ്യമാകുന്നില്ല എന്നതാണ്. ഈ പശ്ചാത്തലത്തിൽ കേരള സർക്കാർ സ്ഥാപിച്ച പൊതുമേഖല സ്ഥാപനമാണ് കേരള ഫീഡ്സ്. 1999 ഫെബ്രുവരി മാസത്തിൽ സമീകൃത കാലിത്തീറ്റയുടെ ഉല്പാദനം ആരംഭിച്ച് പടിപടിയായി ഉല്പാദനതോത് വർദ്ധിപ്പിച്ച് മുഴുവൻ ഉല്പാദന ശേഷിയും കൈവരിച്ചു. എന്നാൽ അനുദിനം വർദ്ധിച്ചു വന്ന ആവശ്യകത കണക്കിലെടുത്ത് ഈ ഫാക്ടറിയുടെ ഉല്പാദനശേഷി 2006ൽ 500 മെട്രിക് ടണ്ണിൽ നിന്നും 650 മെട്രിക് ടണ്ണായി ഉയർത്തി. കാലിത്തീറ്റയുടെ ഉപഭോഗം ക്രമാതീതമായി വർദ്ധിക്കുകയും ഉല്പാദനവും ആവശ്യകതയും തമ്മിലുള്ള അന്തരം വർദ്ധിക്കുകയും ചെയ്ത സാഹചര്യം തരണം ചെയ്യുന്നതിന് 300 മെട്രിക് ടൺ പ്രതിദിന ഉത്പാദനശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറി കരുനാഗപള്ളിയിൽ സ്ഥാപിച്ച് 2013 ൽ പൂർണ തോതിൽ ഉത്പാദനം ആരംഭിച്ചു. കൂടാതെ പാലക്കാട് ജില്ലയിലെ ഒരു ഫാക്ടറിയിൽ നിന്നു കൂടി 300 ടൺ കാലിത്തീറ്റ ഉത്പാദിപ്പിച്ച് 2013 ജൂലൈ മാസത്തിൽ 1200 ടൺ കാലിത്തീറ്റ പ്രതിദിന ഉത്പാദനശേഷി കൈവരിച്ചു.

ഉത്പാദനത്തിലെ വർദ്ധനവിന് അനുസൃതമായി വിൽപനയിലും കേരള ഫീഡ്സ് റെക്കോർഡുകൾ ഭേദിച്ചുകൊണ്ട് മുന്നേറുകയാണ്. 1999-2000 സാമ്പത്തിക വർഷത്തിൽ വിറ്റുവരവ് 27 കോടി രൂപയായിരുന്നത് 2013-14 ൽ 390 കോടി രൂപയായി വർദ്ധിച്ചു. ഇതിൽ കഴിഞ്ഞ സാമ്പത്തികവർഷത്തിൽ കമ്പനിയിൽ ഗണ്യമായ പുരോഗതിയാണ് ഉണ്ടായിരിക്കുന്നത്. അവയുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

- **കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉത്പാദന മേഖലയിലുള്ള പ്രവർത്തന മികവിൽ 2-)ം സ്ഥാനം കൈവരിച്ചു.**
- **വില്പനയിൽ 100 കോടിയുടെ വർദ്ധന രേഖപ്പെടുത്തി 290 കോടിയിൽ നിന്ന് 390 കോടിയായി കമ്പനിയുടെ ചരിത്രത്തിലാദ്യമായാണ് വില്പനയിൽ ഇത്രയും വർദ്ധന ഒരു സാമ്പത്തിക വർഷം കൈവരിക്കുന്നത്. 2013-14 ൽ കൈവരിച്ച 390 കോടി രൂപയുടെ വിൽപ്പന സർവ്വകാല റിക്കാർഡാണ്.**

- **കേരളത്തിലെവിടെയും കേരള ഫീഡ്സ് ഉൽപന്നങ്ങൾ ലഭ്യമാക്കുന്ന തരത്തിൽ വിതരണ ശൃംഖല വിപുലപ്പെടുത്തി. നിലവിൽ കേരള ഫീഡ്സിന് 2400 ൽ പരം ഡീലർമാർ കേരളത്തിൽ ഉണ്ട്. ഇവയിൽ 1700 എണ്ണം സഹകരണ സംഘങ്ങളാണ്. ക്ഷീരകർഷകർക്ക് ന്യായമായ വിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കുന്നതിനായി ഇത് വഴി ഉറപ്പു വരുത്തുന്നു.**
- **ഉൽപാദനത്തിൽ പ്രതിദിനം 500 ടണ്ണിന്റെ വർദ്ധനവ് രേഖപ്പെടുത്തി, അതു മൂലം വിതരണത്തിലെ കാലതാമസം ഇല്ലാതായി.**
- **വിവരസാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തികൊണ്ട് ഡീലർമാർക്ക് പണമടച്ചതിന്റെയും, കാലിത്തീറ്റ വിതരണം നടത്തിയതിന്റെയും വിവരങ്ങൾ മൊബൈൽ ഫോണിൽ ലഭ്യമാവുന്ന സംവിധാനം നിലവിൽ വന്നു.**
- **ഉൽപന്നങ്ങൾക്ക് പണമടച്ച അന്ന് തന്നെ അവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.**
- **പുതിയ ഉൽപന്നങ്ങളായ കെ. എഫ്. മലബാറി പ്രീമിയം ഗോട്ട് ഫീഡ്, സമ്പുഷ്ടീകരിച്ച വയ്ക്കോൽകട്ട എന്നിവ വിപണനമാരംഭിച്ചു.**

## <u>കേരള ഫീഡ്സിന്റെ ഉത്പന്നങ്ങൾ</u>

**<u>കെ. എഫ്. എലൈറ്റ്</u>**

K.F.
ELITE
High energy Feed for
high yielding animals

1. പാലുൽപാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഊർജ്ജ ഘടകമായ TDN കൂടുതൽ അടങ്ങിയിട്ടുള്ള തീറ്റ.
2. ഉയർന്ന പാലുത്പാദനത്തോടൊപ്പം പശുക്കളുടെ ആരോഗ്യവും സംരക്ഷിക്കുന്നു.
3. സങ്കരയിനം പശുക്കൾക്കും ശുദ്ധവർഗ്ഗത്തിൽപ്പെട്ട പശുക്കൾക്കും ഒരു പോലെ കൊടുക്കാവുന്ന സമീകൃതാഹാരം.
4. പാലുൽപാദനം ഗണ്യമായി ത്വരിതപ്പെടുത്തുന്നതിനോടൊപ്പം ഉൽപാദന ചിലവ് കുറക്കുകയും ചെയ്യുന്നു.

**കെ. എഫ്. റിച്ച്.**

K.F.
RICH
Protein rich
balanced Cattle Feed

1. ഉയർന്ന പാലുത്പാദനത്തിനും പാലിലെ കൊഴുപ്പ് നിലനിർത്തുന്നതിനും, വേണ്ടിയുള്ള മാംസ്യഘടകമായ UDPഅടങ്ങിയിട്ടുള്ള തീറ്റ.
2. ഗർഭകാലത്ത് പശുവിനും കിടാവിനും ആവശ്യമായ പോഷണം ഉറപ്പാക്കുന്നു.
3. പാലിലെ കുറഞ്ഞ കൊഴുപ്പിന് ഒരു ശാശ്വത പരിപാരം.
4. മാംസ്യസമ്പുഷ്ടമായതിനാൽ, അടുത്ത കറവയിൽ കൂടുതൽ പാൽ ലഭിക്കുവാനും ആരോഗ്യമുള്ള പശുവിനേയും കുട്ടിയെയും പ്രദാനം ചെയ്യുവാനും സഹായിക്കുന്നു.

**കേരമിൻ - സ്പെഷൽ**

BALANCED MINERAL MIXTURE FOR CATTLE
Keramin
Mineral Mixture

1. പശുക്കളുടെ പ്രത്യുൽപാദനശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ ധാതു ലവണങ്ങൾ അടങ്ങിയിട്ടുള്ള സപ്ലിമെന്റ്.
2. പശുക്കളുടെ രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഓർഗാനിക് മിശ്രിതങ്ങൾ അടങ്ങിയിരിക്കുന്നു.
3. ക്ഷീരകർഷകരെ നിരന്തരം അലട്ടുന്ന പ്രശ്നങ്ങളായ പശുവിന്റെ ആരോഗ്യക്കുറവ്, ഗർഭാശയരോഗങ്ങൾ, തളർച്ച, എന്നിവക്ക് ഒരു ശാശ്വത പരിഹാരം.

**കേരളഫീഡ്സ് മലബാറി - പ്രീമിയം ആടുതീറ്റ**

BALANCED GOAT FEED . PELLET FORM
K.F. MALABARI
Premium Goat Feed
High Protein feed for better growth rate and reproduction

കാലിത്തീറ്റ ഉത്പാദനത്തിലും വില്പനയിലും വൻ കുതിച്ചു കയറ്റം കൈവരിച്ചു കൊണ്ടിരിക്കുന്ന കേരളഫീഡ്സിന്റെ ഒരു പുതിയ സംരംഭമാണ് കേരളഫീഡ്സ് മലബാറി - പ്രീമിയം ആടുതീറ്റ.

കേരളത്തിലെ വർദ്ധിച്ച വരുന്ന ആടു കർഷകരുടെ നിരന്തര ആവശ്യമായ പെല്ലറ്റ് രൂപത്തിലുള്ള ഒരു സമീകൃത ആടുതീറ്റ എന്ന ആവശ്യത്തിനാണ് ഇതു വഴി ശാശ്വതപരിഹാരമാകുന്നത്. ആടിന്റെ വളർച്ചയ്ക്ക് ആവശ്യമായ ഉയർന്ന പോഷകമൂല്യമുള്ള ശുദ്ധമായ 18% മാംസ്യം (crude protein) അടങ്ങിയിരിയ്ക്കുന്നു. യൂറിയയോ, മറ്റു രാസപദാർത്ഥങ്ങളോ പൂർണ്ണമായും ഒഴിവാക്കി നിർമ്മിക്കുന്നതിനാൽ ഇത് ആട്ടിൻകുട്ടികൾക്കും നൽകാവുന്നതാണ്. അതോടൊപ്പം അടങ്ങിയിരിയ്ക്കുന്ന വൈറ്റമിനുകളും ധാതുലവണങ്ങളും ആടുകളുടെ പാലുല്പാദനം നിലനിർത്തുകയും ശരീരഭാരം പെട്ടെന്ന് വർദ്ധിക്കുകയും ചെയ്യുന്നു. ഉയർന്ന പോഷകമൂല്യമുള്ള കപ്പലണ്ടിപ്പിണ്ണാക്ക്, പരുത്തി പിണ്ണാക്ക്, തേങ്ങാ പിണ്ണാക്ക്, കടുകിൻ പിണ്ണാക്ക്, സോയാബീൻ പിണ്ണാക്ക് എന്നിവ അടങ്ങിയിരിയ്ക്കുന്നതിനാൽ ആടുകൾക്ക് കേരള ഫീഡ്സ് മലബാറി പ്രീമിയം ഗോട്ട് ഫീഡിന് പുറമേ വേറെ ഒരു തീറ്റയും നൽകേണ്ടതില്ല. എല്ലാ പ്രായത്തിലും എല്ലാ തരത്തിലും ഉള്ള ആടുകൾക്കും ആവശ്യമായ പ്രത്യേക പോഷക ഘടകങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. തീറ്റ നല്കുന്ന അളവിൽ മാത്രം വ്യത്യാസം വരുത്തിയാൽ മതിയാകും. കേരളഫീഡ്സ് നടത്തിയ പരീക്ഷണങ്ങളിൽ ആടുതീറ്റ ഉപയോഗിച്ച ആടുകൾക്കു പ്രതിദിനം 80 മുതൽ 100 ഗ്രാം വരെ ശരീരഭാരം വർദ്ധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ബ്രോയ്‌ലർ ആടു വളർത്തൽ രംഗത്തുള്ള കർഷകർ നേരിടുന്ന പ്രശ്നമായ പോഷകസാന്ദ്രതയുള്ള ആടുതീറ്റയുടെ ലഭ്യത ഇല്ലായ്മക്ക് ഒരു ശാശ്വതപരിഹാരമാണ് കേരളഫീഡ്സ് മലബാറി - പ്രീമിയം ആടുതീറ്റ. ചെറുകിട കർഷകർക്കും ഫാം നടത്തുന്നവർക്കും ഒരേപോലെ ഉപയോഗിക്കാവുന്ന രീതിയിലാണ് പുതിയ തീറ്റയുടെ ഘടന. ആടുകളിലെ പോഷകാഹാര കുറവ് നികത്തുന്നു, പ്രത്യുല്പാദനശേഷി വർദ്ധിപ്പിക്കുന്നു, പ്രസവാനന്തര പരിരക്ഷ ഉറപ്പാക്കുന്നു മുതലായവയും ഇതിന്റെ സവിശേഷതകളാണ്. ആടുകൾക്ക് കഴിക്കാൻ പാകത്തിൽ 6 mm പെല്ലറ്റുകളുടെ രൂപത്തിലാണ് തീറ്റയുടെ ഘടന.

**KF Malabari Premium Goat Feed ന്റെ സവിഷശേഷതകൾ**

- ആടുകളുടെ വളർച്ച ത്വരിതപ്പെടുത്തുവാനും പ്രത്യുത്പാദനശേഷി വർദ്ധിപ്പിക്കാനും വേണ്ട പോഷകങ്ങളടങ്ങിയ പ്രത്യേക തീറ്റ.
- Broiler ആടുകൾക്ക് അത്യുത്തമം.
- ആട്ടിൻകുട്ടികൾക്ക് ഇത് നൽകുന്നതുമൂലം വളരെ വേഗം വളരുന്നതിനും മദി ക്രമീകരണത്തിനും സഹായിക്കുന്നു.
- ആടുകൾക്ക് ആവശ്യമായ പ്രത്യേക ധാതുലവണ മിശ്രിതം അടങ്ങിയതിനാൽ ശരീര വളർച്ചയ്ക്കൊപ്പം ആരോഗ്യ സംരക്ഷണം ഉറപ്പ് വരുത്തുന്നു.
- ഗുണമേന്മയുള്ള കടല, കടുക്, പരുത്തി, കൊപ്ര തുടങ്ങിയ പിണ്ണാക്കുകൾ ചേർക്കുന്നതിനാൽ ശരീരഭാരം വളരെ വേഗം വർദ്ധിച്ച് ഗുണമേന്മയുള്ള മാംസം പ്രദാനം ചെയ്യുന്നു.
- തവിട്, പിണ്ണാക്ക് തുടങ്ങിയവ വേറെ നൽകേണ്ടതില്ല.

- Pellet രൂപത്തിലുള്ള തീറ്റയായതിനാൽ ദഹനപ്രക്രിയ എളുപ്പമാക്കുന്നു

**സമ്പുഷ്ടീകരിച്ച വൈക്കോൽ കട്ട:**

കന്നുകാലികൾക്കാവശ്യമായ ധാതുലവണങ്ങളടങ്ങിയ ഖരാഹാരവും, പരുഷാഹാരവും യഥേഷ്ടം സംയോജിപ്പിച്ച് ഒരു സമ്പൂർണ്ണ ആഹാരം വിപണിയിൽ ഇറക്കുവാനുള്ള കേരളാ ഫീഡ്സിന്റെ ശ്രമം വിജയം കണ്ടിരിക്കുന്നു. ഇതിലൂടെ താഴെ പറയുന്നപ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമാകുന്നു.

കേരളത്തിലെ ക്ഷീരകർഷകർ നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്നാണ് ഗുണമേന്മയുള്ള വൈക്കോലിന്റെ ലഭ്യതയില്ലായ്മ. വൈക്കോലിന്റെ ലഭ്യത ഉറപ്പാക്കിയാലും അതുമായി ബന്ധപ്പെട്ടുള്ള താഴെസൂചിപ്പിച്ചിട്ടുള്ള പ്രവൃത്തികൾ ക്ഷീരകർഷകന്റെ ജോലി ആയാസകരമാക്കുന്നു.

- ❖ വൈക്കോൽ ശേഖരിച്ച് സൂക്ഷിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
- ❖ വൈക്കോൽ കൊണ്ടുപോകുന്നതുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ.
- ❖ കൈകാര്യം ചെയ്യുമ്പോൾ കർഷകർക്കുള്ള അസൗകര്യം.
- ❖ കുറഞ്ഞ അളവിൽ വൈക്കോൽ വാങ്ങുവാനുള്ള സംവിധാനം നിലവിലില്ല.
- ❖ പാഴായി പോകുന്ന വൈക്കോലിന്റെ അളവ്.
- ❖ പരിസരശുചിത്വം പാലിക്കുന്നതിനുള്ള തടസ്സങ്ങൾ.
- ❖ അശാസ്ത്രീയമായി വൈക്കോൽ സൂക്ഷിക്കുമ്പോൾ ഉരുക്കൾക്ക് രോഗാണുബാധ ഉണ്ടാകുവാനുള്ള സാധ്യത.

**സമ്പുഷ്ടീകരിച്ച വൈക്കോൽ കട്ട-ക്ഷീരകർഷകർക്കൊരു അത്താണി.**

ശുദ്ധമായ വൈക്കോലടങ്ങിയ സമ്പൂർണ്ണ ആഹാരമായ സമ്പുഷ്ടീകരിച്ച വൈക്കോൽ കട്ടകാലിത്തീറ്റ വിപണിയിൽ അവതരിപ്പിക്കുക വഴി ക്ഷീരകർഷകരുടെ ദീർഘനാളത്തെ ആവശ്യം നിറവേറ്റുകയാണ് കേരളാ ഫീഡ്സ്. TMR Technology-യിലൂടെ വികസിപ്പിച്ചെടുത്ത പ്രസ്തുത ഉത്പന്നത്തിൽ ഉരുക്കൾക്ക് ആവശ്യമായ വൈക്കോൽ, കാലിത്തീറ്റ, ധാതുലവണങ്ങൾ തുടങ്ങിയവ ലഭ്യമാണ്. നിലവിൽ വൈക്കോൽ,പുല്ല് തുടങ്ങിയവ കന്നുകാലികൾക്ക് അതേപടി നൽകുന്ന രീതിയാണ് ക്ഷീരകർഷകർ തുടർന്നുവരുന്നത്.പ്രസ്തുത രീതിയെ ശാസ്ത്രീയവത്കരിച്ചുകൊണ്ട് സമ്പുഷ്ടീകരിച്ച സമ്പൂർണ്ണാഹാരമാക്കി മാറ്റുന്നതാണ് കേരളാ ഫീഡ്സിന്റെ പുതിയഉത്പന്നം. നീളത്തിലുള്ള വൈക്കോൽ 2.5cm വരെ നീളമുള്ള ചെറിയ കഷണങ്ങളാക്കിയാണ് ഉത്പന്നം നിർമ്മിക്കുവാൻ ഉപയോഗിക്കുന്നത്.

## സമ്പുഷ്ടീകരിച്ച വൈക്കോൽ കട്ടയുടെ സവിശേഷതകൾ

- പാലിന്റെ ഉത്പാദനം, ഗുണനിലവാരം, കൊഴുപ്പ് എന്നിവ വൈക്കോലിനെ ആശ്രയിച്ചാണിരിക്കുന്നത്. സമ്പുഷ്ടീകരിച്ച വൈക്കോൽ കട്ടയുടെ ഉത്പാദനത്തിന് ഗുണമേന്മയുള്ള വൈക്കോൽ ചെറിയ കഷണങ്ങളാക്കി ഉപയോഗിക്കുന്നത് മൂലം ഇവ ഉറപ്പുവരുത്തുന്നു.
- വൈക്കോൽ ചെറുതാക്കുന്നത് മൂലം കന്നുകാലികൾക്ക് അയവെട്ടുന്ന പ്രക്രിയ എളുപ്പമാകുന്നു.
- സമ്പുഷ്ടീകരിച്ച വൈക്കോൽ കട്ട കന്നുകാലികൾക്ക് ഒരു സമ്പൂർണ്ണാഹാരമായി നൽകാം.മറ്റു തീറ്റകളൊന്നും തന്നെ നൽകേണ്ട ആവശ്യമില്ല.
- പാലുത്പാദനം,ശരീരപരിപാലനം,പ്രജനനം എന്നിവയ്ക്ക് സഹായകരമാകുന്നതിനാൽ വിവിധ തരത്തിലുള്ള ഉരുക്കൾക്ക് സമ്പുഷ്ടീകരിച്ച വൈക്കോൽ കട്ട(One day Ration pack for Animal) ആയി ഉപയോഗിക്കാം.
- കന്നുകാലികൾക്കാവശ്യമുള്ള ഖരാഹാരവും, പരുഷാഹാരവും ശാസ്ത്രീയമായി മിശ്രണം ചെയ്യുന്ന പ്രക്രിയയാണ് സമ്പുഷ്ടീകരിച്ച വൈക്കോൽ കട്ടയുടെ നിർമ്മാണത്തിനുപയോഗിക്കുന്നTMR Technology.
- സമ്പുഷ്ടീകരിച്ച വൈക്കോൽ കട്ട ഉപയോഗിക്കുന്നതിലൂടെ ക്ഷീരകർഷകർക്ക് പാലിന്റെ ഗുണമേന്മ കൂട്ടി ഉത്പാദനച്ചിലവ് കുറയ്ക്കുവാനാകുന്നു.
- ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നത് മൂലം ക്ഷീരകർഷകർക്ക് ഉത്പാദനം കൂട്ടി വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കുന്നു.
- വൈക്കോൽ സംഭരിയ്ക്കുവാനുള്ള സ്ഥലം,പാഴ്ച്ചിലവ് തുടങ്ങിയവ വേണ്ടാത്തതിനാൽ പട്ടണത്തിലുള്ള ക്ഷീരകർഷകർക്കും, ചെറിയ ഫാം നടത്തുന്നവർക്കും ഉചിതമായ ഉത്പന്നം.
- കന്നുകാലികളുടെ ദഹനപ്രക്രിയ എളുപ്പമാക്കുന്നു.
- ഏറെ നാൾ കേട്ടുകൂടാതെയിരിക്കുന്നു.
- കൈകാര്യം ചെയ്യുവാൻ ഇതര തീറ്റകളേക്കാൾ സൗകര്യം.
- കേരള സർക്കാർ ഉടമസ്ഥതയിൽ നിർമ്മിക്കപ്പെടുന്ന ഉത്പന്നം.
- കേരളത്തിലുടനീളം പരമാവധി വില്പനവിലയിൽ തുല്യത.
- ഉൽപ്പന്ന നിലവാരം നിരന്തരം മെച്ചപ്പെടുത്തുന്നു.

**കേരള ഫീഡ്സ് ഉത്പന്നങ്ങൾ ഉപയോഗിക്കുന്ന പ്രധാന സ്ഥാപനങ്ങൾ**

- മൃഗസംരക്ഷണ വകുപ്പ് (കേരള)
- ക്ഷീരവികസന വകുപ്പ്
- മൃഗസംരക്ഷണ വകുപ്പ് (ലക്ഷദ്വീപ്)
- കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ (KVASU) വിവിധ ഫാമുകൾ
- കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ (KLDB) വിവിധ ഫാമുകൾ
- സെന്റ് ജോസഫ്സ് പോണ്ടിഫിഷ്യൽ സെമിനാരി, മംഗലപ്പുഴ, ആലുവ
- ബഫല്ലോ ബ്രീഡിംഗ് ഫാം, കുരിയോട്ടുമല, കൊല്ലം
- ജഴ്സി ഫാം, ചെറ്റച്ചാൽ, തിരുവനന്തപുരം
- ജഴ്സി ഫാം, വിതുര, തിരുവനന്തപുരം
- ഡിസ്ട്രിക്ട് ലൈവ്സ്റ്റോക്ക് ഫാം, കുടപ്പനക്കുന്ന്, തിരുവനന്തപുരം
- പീപ്പിൾസ് ഡയറി ഡെവലപ്മെന്റ് പ്രോജക്ട് (PDDP) ന്റെ കീഴിലുള്ള എല്ലാ പാൽ സംഭരണ യൂണിറ്റുകൾ
- ഗുരുവായൂർ ദേവസ്വം വക ഫാമുകൾ
- ഗവഃ ഗോട്ട്ഫാം, കൊമേരി, കണ്ണൂർ
- ഗവഃ ഗോട്ട്ഫാം, പാറശാല, തിരുവനന്തപുരം
- ഗവഃ ഗോട്ട്ഫാം, അട്ടപ്പാടി, പാലക്കാട്
- തുറന്ന ജയിൽ , ചീമേനി, കാസർഗോഡ്

# കെ. എഫ്. മിടുക്കി

- പ്രസവാനന്തരമുള്ള ഉയർന്ന ക്ഷീരോല്പാദനം സന്തുലിതമാക്കുവാനും ഗർഭധാരണം ത്വരിതപ്പെടുത്തുവാനുംഅനുയോജ്യമായ പോഷകങ്ങളുടെ കലവറയാണ് കെ. എഫ്. മിടുക്കി.
- ഉന്നത പോഷകമൂല്യം പശുവിന്റെആരോഗ്യവും പ്രത്യുല്പാദന ക്ഷമതയും മെച്ചപ്പെട്ട ശരീര ഘടനയും ഒരുപോലെ ലക്ഷ്യമിടുന്നു
- സന്തുലിതമായ മികച്ച പാലുല്പാദനത്തോടൊപ്പം പാലിന്റെ ഗുണ നിലവാരവും ഉറപ്പുവരുത്തുവാൻസഹായകരമായ കാലിത്തീറ്റയാണ് കെ. എഫ്. മിടുക്കി.

# കെ. എഫ്. നിറവ്.

- അത്യത്പാദനശേഷിയുള്ള പശുക്കൾക്ക് ആവശ്യമായ അളവിൽ ഊർജ്ജവുധാതു ജീവകവും പ്രദാനംചെയ്യുന്നു.
- കറവക്കാലത്ത് ആവശ്യമായ ഊർജ്ജം പ്രധാനം ചെയ്യുന്നതുവഴപാലുല്പാദനവുംകൊഴുപ്പിന്റെ അളവും ഗണ്യമായി വർധിപ്പിക്കുന്നു.
- രോഗപ്രധിരോധശേഷി വര്ധിപ്പിക്കുന്നതുവഴി പ്രത്യുല്പാദനരോഗങ്ങളുംഅകിടുവീക്കവും തടയുന്നതിനും സന്തുലിതമായ ഉയർന്ന പാലുത്പാദനം ഉറപ്പുവരുത്തുന്നതിനുംഅനുയോജ്യമായ കാലിത്തീറ്റയാണ് കെ. എഫ്. നിറവ്.